Uncorrected / Not for publication

**അരമണിക്കൂർ ചർച്ച (ചട്ടം 49)**

2012 ഡിസംബർ 11-ാം തീയതിയിലെ 32-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽനിന്നും ഉളവായ പൊതുപ്രാധാന്യമുള്ള കാര്യത്തെപ്പറ്റി ചർച്ച ചെയ്യുവാൻ ശ്രീ. സി. ദിവാകരൻ നോട്ടീസ് നൽകിയത്

മി. സ്പീക്കർ: ചട്ടം 49 അനുസരിച്ചുള്ള അര മണിക്കൂർ ചർച്ചയാണ്. കഴിഞ്ഞ 12 വർഷത്തിനിടയിൽ ഇത് ഒരുപ്രാവശ്യം മാത്രമാണ് നടന്നിട്ടുള്ളത്. ഇതെല്ലാം അംഗങ്ങൾ പ്രയോജനപ്പെടുത്തണമെന്നാണ് ചെയറിന്റെ അഭിപ്രായം. 2012 ഡിസംബർ 11-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 32-ാം നമ്പർ ചോദ്യത്തിന് പങ്കാളിത്ത പെൻഷൻ എന്ന വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ നിന്ന് ഉളവായിട്ടുള്ള പൊതുപ്രാധാന്യമുള്ള വിഷയത്തെക്കുറിച്ച് അര മണിക്കൂർ ചർച്ച ചെയ്യുന്നതിന് ചട്ടം 49 പ്രകാരം ശ്രീ. സി. ദിവാകരൻ നൽകിയ നോട്ടീസ് ആണ് സഭ ഇപ്പോൾ ചർച്ചയ്ക്കെടുക്കുന്നത്. ബഹുമാനപ്പെട്ട സി. ദിവാകരന് മേൽപ്പറഞ്ഞ വിഷയത്തിൽ ഒരു ലഘുപ്രസംഗം നടത്തുന്നതിന് 5 മിനിട്ടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മറുപടി പറയുന്നതിനായി 5 മിനിട്ടും അനുവദിക്കുന്നു. ഇതുസംബന്ധിച്ച് സഭയിൽ ഔപചാരികമായ പ്രമേയമോ വോട്ടെടുപ്പോ ഒന്നും ഉണ്ടായിരിക്കുന്നതല്ല. നിങ്ങൾക്കെല്ലാം

അറിയാവുന്നതാണ്. ചെയറിനെ മുൻകൂട്ടി അറിയിച്ചിട്ടുള്ള അംഗങ്ങൾക്ക് കൂടുതൽ വിശദീകരണം ലഭിക്കുന്നതിനായി ഓരോ ചോദ്യം വീതം ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ള അവസരം ലഭിക്കുന്നതാണ്. അതിന് ആകെ 20 മിനിട്ടാണ്. ഞാൻ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ 12 വർഷത്തിനിടയിൽ ഇതിനുമുമ്പ് 26-03-2000-ൽ ഈ ചട്ടപ്രകാരം വഴിനോട്ടീസ് സഭയിൽ ചർച്ചയ്ക്ക് വന്നിട്ടുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്നും ധനകാര്യവകുപ്പുമന്ത്രിയായിരുന്ന അങ്ങാണ് മറുപടി പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനുപ്പെട്ട ചെയർ പറഞ്ഞതുപോലെ അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു സന്ദർഭത്തിലാണ് ഈ വിഷയം പരിശോധിക്കുന്നത്. തീർച്ചയായും ഈ കാലയളവിനുള്ളിൽ ഇതുപോലെ ലക്ഷക്കണക്കിന് സർക്കാർ ജീവനക്കാരെ വഴിയാധാരമാക്കുന്ന, അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വളരെ ഗൗരവമുള്ള വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. 12 വർഷത്തിനുശേഷമാണ് സഭയിൽ ഇങ്ങനെയൊരു വിഷയം വരുന്നത്. അത്രയും ഗൗരവമുള്ളതുകൊണ്ടാണ് ഈ വിഷയം ഇവിടെ ചർച്ച ചെയ്യുന്നത്. കേരളത്തിലെ 5,30,000 സർക്കാർ ജീവനക്കാരും അധ്യാപകരും 1,80,000-ൽപ്പരം വരുന്ന പെൻഷൻകാരും അവരുടെ മുഴുവൻ ആനുകൂല്യങ്ങളും നിർദ്ദയമായി നിഷേധിക്കുന്ന സമീപനമാണ് എടുത്തിരിക്കുന്നത്. ഇന്ത്യൻ ഭരണഘടന

യിലെ 14-ാം വകുപ്പനുസരിച്ച് ഇത് വിവേചനമാണ്, എല്ലാപേർക്കും തുല്യനീതി കിട്ടണം. ഇവിടെ രണ്ട് രീതിയിലുള്ള പെൻഷൻ ഗവൺമെന്റ്തന്നെ കൊണ്ടുവരികയാണ്. ഈ ആനുകൂല്യം 1957 മുതൽ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ഇതിന് ഒരു കാരണവും പറയുന്നില്ല. കഴിഞ്ഞ ചോദ്യത്തിന് ഉത്തരമായി ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, ഇതിന്റെ കാരണം വമ്പിച്ച സാമ്പത്തിക ബാധ്യതയാണെന്നാണ്. 1982-ൽ അങ്ങ് നിയമ മന്ത്രിയാണ്. ശ്രീ. വൈ.വി. ചന്ദ്രചൂഡൻ അടങ്ങുന്ന ഫുൾ ബെഞ്ചിന്റെ സുപ്രീം കോടതി വിധിയുണ്ട്. സുപ്രീം കോടതി ചർച്ചചെയ്തത് എന്താണ് പെൻഷൻ; എന്ത് അവകാശമാണ് പെൻഷൻ; അതിന് വ്യക്തമായ സുപ്രീം കോടതിയുടെ നിർദ്ദേശമുണ്ട്. ഇത് അവകാശമാണ്, ബാധ്യതയല്ല. കേരളത്തിലെ സർക്കാർ ജീവനക്കാർ മുഴുവൻ ബാധ്യതയാണെന്ന് സങ്കൽപ്പിക്കാൻ പാടില്ല. ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു, ഗുഡ് ഗവേണൻസിന്റെ സർട്ടിഫിക്കറ്റ് കിട്ടി. എങ്ങനെ കിട്ടി; കേരളത്തിലെ സർക്കാർ ജീവനക്കാരുടെ കഠിനമായ പ്രയത്നം കൊണ്ടാണ്. എത് ഗവൺമെന്റ് വന്നാലും. ജീവനക്കാരാണ് ഈ രാജ്യത്തെ എല്ലാ സേവന മേഖലയിലേയും ആരോഗ്യവകുപ്പിലേയും വിദ്യാഭ്യാസ വകുപ്പിലേയും വ്യവസായ മേഖലയിലേയും അങ്ങനെ ഏത് മേഖലയിലും ജീവനക്കാർ പണിയെടുക്കുകയാണ്. അവർക്ക് ആകെക്കിട്ടുന്ന ആകർഷണം എന്നുപറയുന്നത് പെൻഷൻ കിട്ടുമെന്നുള്ളതാണ്. ഈ പെൻഷൻ നിയമവിരുദ്ധമാ

യിട്ടാണ് കൈകാര്യം ചെയ്യുന്നത്. ഇതിന്റെ കേന്ദ്ര ബിൽ പാസ്സായിട്ടില്ല. കേന്ദ്ര ബിൽ 2005-ൽ അവതരിപ്പിച്ചുവെങ്കിലും ഇപ്പോഴും പാസ്സാക്കാതെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ആ ബില്ലിൽതന്നെ കമ്പൽസറിയായി നടപ്പാക്കണമെന്നില്ല. ഇത് ഓപ്ഷണൽ മാത്രമാണ്. അതാത് സ്റ്റേറ്റിന് വേണമെങ്കിൽ നടപ്പിലാക്കാം. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഈ ബിൽ കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ബാധകമല്ല. അവർ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നില്ല. 10 ശതമാനം ശമ്പള ത്തിൽനിന്ന് പിടിക്കുകയാണ്. 10 ശതമാനം ഗവൺമെന്റിന് സംഭാവന ചെയ്യുക. 20 ശതമാനം വലിയൊരു തുക ആരുടെ കൈകളിലേക്കാണ് പോകുന്നത്? ഇവിടെ പറഞ്ഞിരിക്കുന്ന ബാങ്കുകളാണെങ്കിൽ അത്യന്തം ആപൽക്കരമായ ബാങ്കുകളാണ്. അതിൽ ഒരെണ്ണം പറയുന്നത് റിലയൻസിന്റെ ബാങ്കാണ്. അമേരിക്കൻ ബാങ്കാണ് വേറെയൊന്ന്. നമ്മുടെ രാജ്യത്തെ ജീവനക്കാരുടെ സമ്പത്ത് മുഴുവൻ ഖജനാവിൽ കിടക്കാനുള്ളതാണ്. നിങ്ങളുടെ ഖജനാവിൽ തന്നെ ഉണ്ടാകണം. ഈ പങ്കാളിത്ത പെൻഷൻ ഖജനാവിലല്ല പോകുന്നത്. സ്വകാര്യ മേഖലയിലാണ് പോകുന്നത്. സാമ്പത്തിക കുഴപ്പം വരാൻ പോകുകയാണ്. ഇത് നടപ്പിലാക്കിയ പല സംസ്ഥാനങ്ങളിലും പരാജയപ്പെട്ടിരിക്കുകയാണ്. അത് പരിശോധിക്കേണ്ടതാണ്. ഇത് ഏകപക്ഷീയമായി നടപ്പിലാക്കുന്നത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ഗവൺമെന്റും പുന: പരിശോധിക്കണം. അങ്ങ് ഇവിടെ പറഞ്ഞ കണക്ക് ശരിയായിരുന്നോ

എന്ന് പരിശോധിക്കണം. 2001-02-ൽ ആകെ വരുമാനം 9056 കോടി രൂപയാണ്. പെൻഷൻ ചെലവ് 1838 കോടി രൂപ. അതായത് വരവിന്റെ 20.29 ശതമാനമാണ്. 2012-13-ൽ ആകെ വരുമാനം 48141 കോടി രൂപയാണ്. പെൻഷൻ ചെലവ് 8178 കോടി രൂപ ബഡ്ജറ്റിന്റെ 16 ശതമാനമാണ്. ഓരോ വർഷവും പെൻഷൻ ചെലവ് കുറഞ്ഞും വരുമാനം കൂടുതലായുമാണ് വരുന്നത്. അതുകൊണ്ട് സാമ്പത്തിക ഭാരമല്ല. 5 ലക്ഷത്തിലേറെ വരുന്ന ജീവനക്കാർ ഭാരമാണ്. അവർ 57 മുതൽ അനുഭവിച്ചുകൊണ്ടിരുന്ന ആനുകൂല്യം നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ രാജ്യത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ, ഗുരുതരമായ സ്ഥിതിഗതികൾ ഈ ഗവൺമെന്റ് നേരിടാൻ പോകുകയാണ്. അതുകൊണ്ട് ഇത് പുന:പരിശോധിക്കണം.

<u>മി. സ്പീക്കർ</u>: Very Good. കറക്ട് സമത്ത് അവസാനിപ്പിച്ചു. Congratulation, Thank you.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ.കെ.എം. മാണി)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചത് രണ്ട് കാര്യമാണ്. ഈ ചോദ്യത്തിന് തന്നിരിക്കുന്നത്. ഒന്ന്, പങ്കാളിത്ത പെൻഷൻ നിലവിലുള്ള ജീവനക്കാരേയും ഭാവിയിൽ സർവ്വീസിൽ എത്തുന്നവരേയും ബാധിക്കും. രണ്ട്, പ്രസ്തുത പദ്ധതി നിലവിലുള്ള

സർവ്വീസ് ചട്ടങ്ങളേയും കീഴ് വഴക്കങ്ങളേയും അട്ടിമറിക്കുന്നു. ഇത് രണ്ടും തെറ്റായ പരാമർശമാണ്. പാങ്കാളിത്ത പെൻഷൻ എന്നല്ല, നാഷണൽ പെൻഷൻ സിസ്റ്റമെന്നാണ് ഇതിന്റെ പേര്. (എൻ.പി.എസ്.) ഇത് നിലവിലുള്ള ജീവനക്കാരെ ബാധിക്കുകയില്ല. 01-04-2013-നുശേഷം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മാത്രമായിരിക്കും ഇത് ബാധകം. മന്ത്രിസഭ കൈകൊണ്ടിട്ടുള്ള തീരുമാനപ്രകാരം 01-04-2013-നുശേഷം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മാത്രമേ ഇത് ബാധകമാകൂ എന്ന് 2012 ആഗസ്റ്റ് 8-ാം തീയതിയിലെ ജി.ഒ. നമ്പർ 441-ൽ പ്രസ്താവിച്ചിട്ടുണ്ട്. രണ്ട്, ഈ പെൻഷൻ സ്കീം നിലവിലുള്ള സർക്കാർ ജീവനക്കാരെ ബാധിക്കില്ല. ഇട്ടിളക്കിക്കൊണ്ട് ജീവനക്കാരെ പരിഭ്രമിപ്പിക്കരുത്. നിലവിലുള്ള സർക്കാർ ജീവനക്കാരെ ബാധിക്കില്ല. രണ്ട്, പുതിയ പെൻഷൻ സ്കീം എന്നുപറയുന്നുണ്ടെങ്കിലും സംസ്ഥാന സർവ്വീസിൽ ആൾ ഇന്ത്യാ സർവ്വീസ് ജീവനക്കാർക്ക് ഇത് 2004 മുതൽ ബാധകമാണ്. 2004 മുതൽ ആൾ ഇന്ത്യാ സർവ്വീസ് ജീവനക്കാർക്ക് പെൻഷൻ ഉണ്ട്. ഏതെങ്കിലും ഒരു പുത്തരികൊണ്ടുവന്നതല്ല എന്ന് വിചാരിക്കണം. ഈ സ്കീം എന്തുകൊണ്ട് നടപ്പിലാക്കുന്നൂവെന്ന കാര്യം 11-12-2012-ൽ ഞാൻ ഈ സഭയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ഈ സ്കീം സെൻട്രൽ ഗവൺമെന്റ് വെസ്റ്റ് ബംഗാൾ, ത്രിപുര എന്നിവയൊഴിച്ച് മറ്റ് സംസ്ഥാനങ്ങളിലെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും മന്ത്രിമാരും ഗവൺമെന്റുമെല്ലാം മണ്ടൻമാരാണോ? അവിടത്തെ ജീവനക്കാർക്ക്

Uncorrected / Not for publication

ഒന്നും ഒരു പ്രബുദ്ധതയില്ലേ? ഞാൻ ചോദിക്കുകയാണ്, വെസ്റ്റ് ബംഗാളും ത്രിപുരയും ഒഴിച്ചുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കി. കേന്ദ്ര ഗവൺമെന്റും നടപ്പിലാക്കി. പെൻഷൻ ബാധ്യത വർഷംതോറും കൂടി വരികയാണ്. ഇപ്പോൾ സാലറിയും പെൻഷനും കൂടി റവന്യൂ വരുമാനത്തിന്റെ 65 ശതമാനമായിട്ടുണ്ട്. ഞാൻ പറഞ്ഞ കണക്ക് ശരിയാണ്. 2011-12-ൽ 8700 കോടി രൂപയാണ് പെൻഷൻ ബാധ്യത. 2021-22 ആകുമ്പോൾ 41,000 കോടി രൂപയാകും. 2031-32 ആകുമ്പോൾ 2 ലക്ഷം കോടി രൂപയാകും. ആർക്ക് കൊടുക്കാൻ സാധിക്കും; ഒരാൾക്കും കൊടുക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഈ സ്കീം കൊണ്ടുവന്നത്. ഡോ. ടി.എം. തോമസ് ഐസക് ഇരിക്കുന്നതുകൊണ്ട് എനിക്ക് വലിയ സന്തോഷമായി. ഡോ. ടി.എം. തോമസ് ഐസക് എന്താണ് കഴിഞ്ഞ നിയമസഭയിൽ പറഞ്ഞത്? സംസ്ഥാന ഗവൺമെന്റിന് ലാഭമാണെന്നാണ് ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞത്. കാരണം ശമ്പളത്തിന്റെ 50 ശതമാനം പെൻഷനായി കൊടുക്കേണ്ടി വരുന്നത് റിട്ടയർ ചെയ്യുമ്പോഴാണ്. 10 ശതമാനമാണ് സർവ്വീസിൽ കയറുമ്പോൾ കൊടുക്കുന്നത്. 56-ാം വയസ്സിൽ റിട്ടയർ ചെയ്യുമ്പോഴാണ് ശമ്പളത്തിന്റെ 50 ശതമാനം പെൻഷനായി കൊടുക്കേണ്ടി വരുന്നത്. സർക്കാരിന് നഷ്ടമാണ് വരുന്നത്. 10 ശതമാനം എപ്പോഴാണ് കൊടുക്കുന്നത്? പതിനെട്ടാമത്തെ വയസ്സിൽ പി.എസ്.സി. റിക്രൂട്ട് ചെയ്ത് ജോലിയിൽ പ്രവേശിക്കു

ബോൾ മുതൽ പെൻഷൻ കൊടുക്കേണ്ടിവരുന്നു. സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിൽ 56-ാമത്തെ വയസിൽ റിട്ടയർ ചെയ്യുമ്പോൾ പകുതി നൽകിയാൽ മതി.. കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനത്തിൽ ജോലിയിൽ പ്രവേശിക്കുമ്പോൾമുതൽ 10 ശതമാനം സർക്കാർ നൽകുകയാണ് ചെയ്യുന്നത്. അപ്പോൾ സർക്കാരിന് നഷ്ടമാണുണ്ടാകുന്നത്. അതുകൊണ്ട് പുരോഗമനപരമായ കാര്യം ചെയ്യുമ്പോൾ വരട്ടുവാദങ്ങൾ പറഞ്ഞ് സർവീസിലിരിക്കുന്നവരെ പേടിപ്പിച്ച് ഈ ഗവൺമെന്റിനെതിരെ അവരെ തിരിച്ചു വിടരുത്. 16-08-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവീസുകാരുടെ യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽ in principle എല്ലാവരും agree ചെയ്തിരുന്നു. അവരുടെ ഫണ്ട് എല്ലായിടത്തും കൊണ്ടുപോയി നിക്ഷേപിക്കരുതെന്ന് അവർ അഭിപ്രായപ്പെട്ടിരുന്നു. അവർ പറയുന്ന സ്ഥലത്ത് അവർക്കനുകൂലമായി ഗുണകരമായി മാത്രമേ നിക്ഷേപിക്കുകയുള്ളൂ എന്ന് ഞങ്ങൾ പറഞ്ഞിരുന്നു. ഇതെല്ലാം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ റെയിൽവേയിൽ 2004 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അവിടെ യാതൊരു ആശങ്കയുമില്ല. എന്റെ സംശയം പി.എഫ്.ആർ.ഡി.എ ബില്ലിൽ ഏത് പെൻഷൻ ഫണ്ട് മാനേജരെ ഏൽപ്പിക്കണമെന്ന് പറഞ്ഞിട്ടില്ല. സംസ്ഥാന ട്രഷറിയിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലുമുൾപ്പെടെ

പെൻഷന്റെ കോൺട്രിബ്യൂഷൻ നിക്ഷേപിക്കാനുള്ള നടപടി ഈ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: സർ, ജീവനക്കാരുടെ താല്പര്യമനുസരിച്ച് നിക്ഷേപിക്കാനായി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി എഴുതിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, സ്റ്റാറ്റ്യൂട്ടറി പെൻഷൻ കൊടുക്കുന്നവരുടെ ഔദാര്യമല്ല. തൊഴിലാളികളുടെ അവകാശമാണെന്നും മാറ്റിവയ്ക്കപ്പെട്ട കൂലിയാണെന്നുമാണ് ഭരണഘടന ബഞ്ച് പ്രഖ്യാപിച്ചിട്ടുള്ളത്. അതനുസരിച്ച് ഇങ്ങനെയൊരു മാറ്റം ഉണ്ടാക്കുന്നത് ആത്മഹത്യാപരമാണെന്നാണ് ഭരണഘടനാ ബഞ്ചിന്റെ നിർദ്ദേശം. അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, ഇത് മാറ്റി വയ്ക്കുന്ന പെൻഷനാണ്. മാറ്റി വയ്ക്കുന്ന പെൻഷൻ നേരത്തെ നൽകുകയാണ്. എന്നറിയാമോ; ഇതൊക്കെ മനസിലാക്കാതെ വെറുതെ സംസാരിച്ചിട്ട് കാര്യമുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന് വേഗത്തിൽ ലാഭമുണ്ടാക്കാൻ വേണ്ടിയാണെന്ന് വ്യാപകമായ തെറ്റിദ്ധാരണയുണ്ടാവുകയാണ്. യഥാർത്ഥത്തിൽ ശ്രീ. കെ. എം. മാണി സൂചിപിച്ചതുപോലെ ഇത് നേരത്തെ നൽകുന്നത് സർക്കാരിന് അധിക ബാധ്യതയാണുണ്ടാക്കുന്നത്. അങ്ങനെയാണെങ്കിൽ ഇത് നടപ്പിലാക്കുമ്പോൾ ആദ്യ വർഷങ്ങളിൽ സർക്കാരിന് എത്രത്തോളം

അധിക ബാധ്യത ഏറ്റെടുക്കേണ്ടിവരുമെന്നാണ് അങ്ങേയ്ക്ക് സൂചിപ്പിക്കാനുള്ളത്?

ശ്രീ. കെ. എം. മാണി: സർ, ഏകദേശം 6 കോടയോളം രൂപയുടെ ബാധ്യതയുണ്ടാകുമെന്ന് ഞാൻ പറഞ്ഞിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ ................

മി. സ്പീക്കർ: എന്താണ് അങ്ങനെ കൈ കാണിക്കുന്നത്. നോ... നോ..... അങ്ങ് എപ്പോൾ കൈ കാണിച്ചാലും അങ്ങയെ വിളിച്ചിട്ടുണ്ട്. ഇത് അങ്ങനെയുള്ളതല്ല ......... അങ്ങനെ അസ്വസ്തത കാണിച്ചിട്ട് കാര്യമില്ല. പ്രതിപക്ഷ നേതാവിന് പ്രത്യേകമായൊരു കൺസിഡറേഷൻ കൊടുത്തതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെ പേര് തന്നിട്ടുള്ളത് സൗകര്യത്തിനുവേണ്ടിയാണ്. എല്ലാവർക്കും ചോദിക്കാവുന്നതാണ്.

മി. സ്പീക്കർ: നേരത്തെ പേര് തന്നിട്ടുവർക്ക് ചോദിക്കണ്ടെ?

ശ്രീ. റ്റി.വി. രാജേഷ്: സർ, സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായമാണ് സർക്കാർ ജോലിയുടെ ഏറ്റവും വലിയ മേന്മയായി എല്ലാവരും കാണുന്നത്. എന്നാൽ പുതിയ പെൻഷൻ പദ്ധതി ഏറ്റവും പ്രാപ്തിയുള്ളവരെ പുതിയ മേച്ചിൽപുറങ്ങൾ തേടാൻ പ്രേരിപ്പിക്കും. മാത്രമല്ല അദ്ധ്യാപക സർവീസ് മേഖലയുടെ നിലവാരം തകരുന്നതിനിടയാക്കും. നമുക്ക് നല്ല ഡോക്ടർമാരെയോ എഞ്ചിനീയർമാരെയോ ലഭിക്കാതാകും. അതുകൊണ്ട് നിലവിലുള്ള പെൻഷൻ സമ്പ്രദായം തുടരാൻ തയ്യാറാകണം. ഇത് നടപ്പി

ലാക്കുന്നതുകൊണ്ട് യാതൊരു പ്രശ്നവുമുണ്ടാകില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കിയ രാജ്യങ്ങളിൽ ഏറ്റവും ശക്തമായ പെൻഷൻ ഫണ്ട് ഉണ്ടായിരുന്നത് കാലിഫോർണിയ പബ്ലിക് എംപ്ലോയ്മെന്റ് റിട്ടയർമെന്റ് സിസ്റ്റത്തിലാണ്. ഏറ്റവും ശക്തമായ ആ ഫണ്ട് സംവിധാനംപോലും സാമ്പത്തിക പ്രതിസന്ധിയിൽ തകർന്ന് തരിപ്പണമായി. അമേരിക്കൻ ഗവൺമെന്റ് ഫണ്ട് മാനേജർക്ക് 25 ലക്ഷം കോടി ഡോളർ റീ ജനറേറ്റ് ചെയ്യാൻവേണ്ടി നൽകിയെങ്കിലും അവർ അതിന് തയ്യാറായില്ല. അവിടെ പെൻഷൻ അവതാളത്തിലാവുകയാണ് ചെയ്തത്. അതുകൊണ്ട് അങ്ങ് പറയുന്ന എന്ത് സുരക്ഷിതത്വമാണ്. ഇതിനുള്ളത്?

<u>ശ്രീ. കെ. എം. മാണി</u>:. ഇവിടെ സിസ്റ്റമാറ്റിക്കായാണ് ഇത് കൊണ്ടുപോകുന്നത്. എവിടെയെങ്കിലും ഒരു രാജ്യത്ത് അവതാളത്തിലായി എന്നുകരുതി ........... അമേരിക്കയിൽ ബാങ്ക് തകർന്നില്ലേ; ഇന്ത്യയിൽ ബാങ്ക് തകർന്നോ?

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. ബാലൻ, ഞാൻ തർക്കത്തിനില്ല. ഇത് വളരെ ക്ലിയറായി എഴുതിവച്ചിട്ടുണ്ട്. നിങ്ങൾ തെറ്റിദ്ധാരണയിൽ പോകേണ്ട കാര്യമില്ല. ഞാൻ വായിക്കാം. 'നേരത്തെ സ്പീക്കറെ അറിയിച്ചിട്ടുള്ള ഏതൊരു അംഗത്തേയും ഏതെങ്കിലും വസ്തുത കൂടുതൽ വിശദീകരിക്കുന്നതിനായി ഒരു ചോദ്യം ചോദിക്കാൻ അനുവദിക്കാവുന്നതാ

ണ്.' അതുകൊണ്ട് ഇടയ്ക്ക് പോദിക്കാൻ സാധ്യമല്ല. എന്നാൽ പ്രതിപക്ഷ നേതാവിന് ഇക്കാര്യത്തിൽ മുൻഗണനയുള്ളതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ ഗവൺമെന്റ് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുകൂലമായ ഒട്ടേറെ നടപടി സ്വീകരിച്ച ഗവൺമെന്റാണ്. ഈ ഗവൺമെന്റ് ജീവനക്കാർക്കെതിരായ നിലപാട് സ്വീകരിക്കുമെന്ന് ഞാൻ  വിശ്വസിക്കുന്നില്ല. എന്നാൽപോലും കോൺട്രിബ്യൂട്ടറി പെൻഷനുമായി ബന്ധപ്പെട്ട് ചില ആശങ്കകൾ ജീവനക്കാർക്കുണ്ട്. 01-04-2013 മുതൽ സർവീസിൽ പ്രവേശിക്കുന്നവർക്കാണ് കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനം ഏർപ്പെടുത്തുന്നതെങ്കിലും നിലവിലുള്ള ജീവനക്കാരെയും അത് ബാധിക്കുമോ എന്ന ആശങ്ക ചില ജീവനക്കാർക്കുണ്ട്. ഇപ്പോൾ പെൻഷൻ വാങ്ങുന്നവരുടെ പെൻഷൻ കാലാകാലങ്ങളിൽ പരിഷ്കരിക്കുമോ; ഇത് നിലവിലുള്ളവരെ ബാധിക്കുമോ തുടങ്ങിയ ആശങ്കകൾ നിലവിലുണ്ട്. ആ ആശങ്കകൾ ദൂരീകരിക്കുന്നതിനുവേണ്ടി സർവീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: സർ, സർവീസ് സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 16-08-2012-ൽ ചർച്ച നടത്തിയിരുന്നു. ഇനി വിശ്വസിക്കുക. ഇത് നിലവിലുള്ള ഉദ്യോഗസ്ഥൻമാരെ ബാധിക്കുകയില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറക്കെ പറയുന്നു.. ഇത് അവരെ ബാധിക്കുകയില്ലെന്ന വിവരം അവർക്ക് കാതുകളുണ്ടെങ്കിൽ കേൾക്കട്ടെ.

ശ്രീ. കെ. അജിത്: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന നഷ്ടം സാങ്കല്പികമല്ലേ; 2030 ആകുമ്പോൾ 2 ലക്ഷം കോടി രൂപ സർക്കാരിന് ബാധ്യതയുണ്ടാകുമെന്നാണ് ശ്രീ. കെ. എം. മാണി പറഞ്ഞത്. ഇത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്?

ശ്രീ. കെ. എം. മാണി: ധനകാര്യ വകുപ്പിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ജീവനക്കാർക്കുള്ള പ്രധാനപ്പെട്ട ആശങ്ക മിനിമം പെൻഷൻ ഉറപ്പുവരുത്താൻ സാധിക്കുമോയെന്നതാണ്. അതുപോലെ കേന്ദ്ര ക്യാബിനറ്റ് ഇക്കാര്യത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ?

ശ്രീ. കെ.. എം. മാണി: മിനിമം പെൻഷൻ ഇത്ര രൂപ വച്ച് കിട്ടണമെന്നാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് പറയുന്ന രീതിയിൽ നിക്ഷേപിക്കേണ്ടിവരും. ഇപ്പോൾ അങ്ങനെ ഗ്യാരന്റി നൽകാൻ കഴിയില്ല. അത് കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്.

ശ്രീമതി ജമീലാ പ്രകാശം: സർ, ഒരു സർക്കാർ ജോലിക്ക് അപേക്ഷിക്കാൻ ഒരു ഉദ്യോഗാർത്ഥിയെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം സർക്കാർ വാഗ്ദാനം ചെയ്യുന്ന സേവന വേതന വ്യവസ്ഥകളാണ്. സർവീസിൽനിന്ന് നിശ്ചിത കാലഘട്ടം കഴിഞ്ഞ് റിട്ടയർ ചെയ്യുന്ന ഒരു ഉദ്യോഗസ്ഥന് പെൻഷൻ ലഭിക്കുന്നു. സർവീസ് കാലയളവിൽ ആ ഉദ്യോഗസ്ഥന്

മരണം സംഭവിച്ചാൽ അയാളുടെ ജീവിത പങ്കാളിക്കോ കുട്ടികൾക്കോ ഫാമിലി പെൻഷൻ നൽകുന്ന വ്യവസ്ഥ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനത്തിലുണ്ട്. ഫാമിലി പെൻഷൻ കൊടുക്കാൻ വ്യവസ്ഥയില്ലാതെ വന്നാൽ അത് ജീവനക്കാരോടും കുടുംബങ്ങളോടും കാണിക്കുന്ന കൊടുംക്രൂരതയാണ്. ഫാമിമി പെൻഷന് വ്യവസ്ഥയില്ലാതായാൽ ബഹുമാനപ്പെട്ട ശ്രീ. റ്റി.വി. രാജേഷ് ചൂണ്ടിക്കാണിച്ചതുപോലെ മിടുക്കരായ യുവതീയുവാക്കൾ സർക്കാർ ജോലിക്ക് അപേക്ഷിക്കാതാകും. ഇത് ഗവൺമെന്റ് സർവീസിന് തീരാനഷ്ടമായിരിക്കും. അതിനാൽ പങ്കാളിത്ത പെൻഷൻ സമ്പ്രദായത്തിൽ ഫാമിലി പെൻഷനെപ്പറ്റി സംസ്ഥാന സർക്കാരിന് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. എം. മാണി : സർ, ഇതൊരു തെറ്റിദ്ധാരണയാണ്. ഇതോടെ പെൻഷൻ  നിൽക്കുകയല്ല. പെൻഷൻ ഒന്നുകൂടി ഗ്യാരന്റിയാവുകയാണ്. .......(ബഹളം)........

മി. സ്പീക്കർ : ജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്.

ശ്രീ. കെ. എം. മാണി : ശ്രീമതി ജമീലാ പ്രകാശം, ഞാൻ പറയുന്നത് കേൾക്കൂ. ഇതൊരു പെൻഷനാണ്. പെൻഷൻ നിന്നുപോയില്ല. ജീവനക്കാരന്റെ  10 ശതമാനവും 10 ശതമാനം  ഗവൺമെന്റ് വിഹിതവും കൂടി ഒരു നിധി ഇത്രയും വർഷംകൊണ്ട് പെരുകുകയാണ്. പലിശ കൂടി

അതിൽ നിന്ന് കിട്ടുകയാണ്. പെൻഷൻ നിന്നുപോയെന്ന് പറയരുത്. .......(ബഹളം)........

മി. സ്പീക്കർ : പ്ലീസ്........ .......(ബഹളം)........

ശ്രീ. കെ. എം. മാണി : സർ, 1-4-2013 മുതൽ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുമെന്നാണ് ക്യാബിനറ്റ് തീരുമാനം. കേന്ദ്ര ഗവൺമെന്റ് സ്കീമനുസരിച്ചുള്ള ഡീറ്റെയിൽസ് വരാനുണ്ട്. സംസ്ഥാന ഗവൺമെന്റും ഇതുസംബന്ധിച്ചുള്ള ഡീറ്റെയിൽസ് ഫ്രെയിം ചെയ്യുന്നുണ്ട്. ഫാമിലി പെൻഷനെ സംബന്ധിച്ചിടത്തോളം ഡീറ്റെയിൽസ് വരുമ്പോൾ പറയാം. ഇല്ലെന്നാരും പറഞ്ഞിട്ടില്ല. .......(ബഹളം)........

മി. സ്പീക്കർ : അദ്ദേഹം ഉള്ള മറുപടിയല്ലേ പറയുകയുള്ളു. പ്ലീസ്........

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, അങ്ങ് പറഞ്ഞ കണക്കനുസരിച്ച് 2021-22 കാലഘട്ടത്തിൽ 41,000 കോടി രൂപയും 2031-32 കാലഘട്ടത്തിൽ 2 ലക്ഷം കോടി രൂപയും ഇതിലേക്ക് ചെലവ് വേണ്ടിവരുമെന്ന് അങ്ങ് പറയുകയുണ്ടായി. വരുമാനം അതിന്റെ അഞ്ച് അയൽപക്കത്തുപോലും എത്തുന്നില്ലെന്നുള്ളത് സ്വാഭാവികമാണ്. അങ്ങനെ ഒരു സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാർക്കും ഭാവിയിൽ വരാൻപോകുന്ന ജീവനക്കാർക്കും പെൻഷൻ കൊടുക്കാൻ കഴിയുമോ; ഇങ്ങനെയൊരു അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തെങ്കിൽ ഇതുപോലുള്ള മാർഗ്ഗം അവലംബിക്കാതെ ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയില്ല. വരുമാനമില്ലാ

ത്തതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യിൽ ഇടയ്ക്കിടെ പെൻഷൻ മുടങ്ങുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ആ അനുഭവം എല്ലാ ജീവനക്കാർക്കും ഉണ്ടാകാൻ പോവുകയാണ്. അതുകൊണ്ട് ഭാവിയിൽ ഇരുളടയാതിരിക്കുന്നതിന് ഒരു മാർഗ്ഗമായി അങ്ങ് ഇതിനെ കാണണം.

ശ്രീ. കെ. എം. മാണി : സർ, ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞത് ശരിയാണ്. ഒരു ജീവനക്കാരൻ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ അക്കൗണ്ടിലുള്ള തുകയിൽ നിന്ന് അനന്തരാവകാശികൾക്ക് പെൻഷൻ കിട്ടും. .......(ബഹളം)........

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ ഏതാനും ദിവസം മുമ്പ് ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ മറുപടി പറയുകയുണ്ടായി. അദ്ദേഹത്തിന് എന്റെ ചോദ്യത്തെക്കുറിച്ച് വലിയ തെറ്റിദ്ധാരണയുണ്ട്. ഞാൻ വിശദീകരിക്കാം.

മി. സ്പീക്കർ : വിശദീകരിക്കാനുള്ള സമയമില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, വളരെ ചുരുക്കി പറയാം. ചോദ്യം വിശദീകരിച്ചില്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായില്ലെങ്കിലോ. ഇപ്പോൾ എത്ര കാലം സേവനം നടത്തുന്നുവോ അത്രയും നാൾ റിട്ടയർമെന്റ് ആനുകൂല്യം പറ്റുന്നുണ്ട്. 20 വർഷം സേവനകാലം 20 വർഷം പെൻഷൻകാലം. ഇങ്ങനെയുള്ള സ്ഥിതിയിൽ പെൻഷൻ പറ്റുന്ന 20 വർഷം കഴിഞ്ഞുള്ള വർഷത്തെ മാസ ബേസിക്കിന്റെ 50 ശതമാനം വച്ച് മരണംവരെ കൊടുക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. എന്നാൽ

ജോലിയിൽ ചേരുന്ന വർഷം മുതൽ അടുത്ത 20 വർഷം വരെ 10 ശതമാനം കൊടുത്താൽ മതി. അതുകൊണ്ട് ഞാൻ പറയുന്നു, പെൻഷൻ ബാദ്ധ്യത അഞ്ചിൽ ഒന്നായി ചുരുക്കുകയാണ്. ഇതാണ് സർക്കാരിന്റെ നേട്ടം. നേട്ടമില്ലെങ്കിൽ എന്തിനാണ് ഈ പണിക്ക് പോകുന്നത്. അത് തുറന്ന് പറയാതെ ജീവനക്കാർക്ക് ഇന്നത്തേതിനെക്കാൾ കൂടുതൽ കിട്ടുമെന്ന് പറയരുത്. സർക്കാരിന്റെ ബാദ്ധ്യത അഞ്ചിൽ ഒന്നാകുകയും ജീവനക്കാരന് കിട്ടുന്നത് അഞ്ചിൽ ഒന്നായി ചുരുങ്ങുകയും ചെയ്തില്ലേയെന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. എം. മാണി : സർ, ഇപ്പോൾ സർവ്വീസിൽ കയറുന്ന ഒരാൾക്ക് ഇപ്പോഴത്തെ നിയമം അനുസരിച്ച് പെൻഷൻ കൊടുക്കേണ്ട കാര്യമില്ല. 38 വർഷം കഴിഞ്ഞ് പെൻഷൻ കൊടുത്താൽ മതി. അതിനിടയിൽ ഒരു പൈസ പോലും കൊടുക്കേണ്ടതില്ല. ഒരാൾക്ക് സർവ്വീസിൽ കയറുന്ന കാലം മുതൽ 10 ശതമാനം കൊടുക്കുമ്പോൾ ഈ ഗവൺമെന്റിന് നഷ്ടമല്ലേ ഉണ്ടകുന്നത്. അങ്ങ് എന്ത് പറയുന്നു?

ഡോ. ടി. എം. തോമസ് ഐസക് : സർ, പെൻഷൻ കാലവും സേവന കാലവും ഒരു ദൈർഘ്യം തന്നെ. പെൻഷൻ കാലം പെൻഷൻ പറ്റുന്ന വർഷത്തിന്റെ ബേസിക്കിന്റെ 50 ശതമാനം വച്ച് കെടുക്കണം. ഇതിപ്പോൾ സേവനകാലത്ത് 10 ശതമാനം വച്ച് കൊടുത്താൽ മതി. രണ്ടിന്റെയും ദൈർഘ്യം ഒന്നാണെങ്കിൽ സർക്കാരിന്റെ ബാദ്ധ്യത അഞ്ചിൽ ഒന്നാകുന്നു. ശ്രീ. കെ. എം. മാണി : ഉറങ്ങിക്കിടക്കുന്നവനെ വിളിച്ചെ

ഴുന്നേൽപ്പിക്കാം. ഉറക്കം നടിക്കുന്നവനെ വിളിച്ചെഴുന്നേൽപ്പിക്കാൻ പറ്റുമോ; ഡോ. ടി. എം. തോമസ് ഐസക്കിനെ ഇക്കാര്യത്തിൽ വിളിച്ചെ ഴുന്നേൽപ്പിക്കാനും മനസ്സിലാക്കിക്കാനും പറ്റുമോ?

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : സർ, പങ്കാളിത്ത പെൻഷനെ സംബന്ധിച്ച് ജീവനക്കാർക്കിടയിലും ഉദ്യോഗാർത്ഥികൾക്കിടയിലും പൊതുവെ തെറ്റിദ്ധാരണകൾ സൃഷ്ടിച്ചുകൊണ്ടാണ് സമരരംഗത്തേക്ക് ആളുകൾ വരുന്നതായി മനസ്സിലാക്കുന്നു. പ്രധാനമായും നിലവിലുള്ള ജീവനക്കാരേയും ബാധിക്കുമെന്നുള്ള പ്രചരണം നടക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് നിലവിലുള്ള ജീവനക്കാർ സമരത്തിന് ഇറങ്ങുന്നതായി മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാവുകയും പ്രചരണം നടത്തുകയും ആവശ്യമാണെന്ന് തോന്നുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അതിൽ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. കെ. എം. മാണി : സർ, ഒരു ജീവനക്കാരൻ മരണപ്പെട്ടാൽ കുടുംബത്തിൽ ഒരാൾക്ക് ജോലി ലഭിക്കുന്നതുവരെ അവസാനം കിട്ടിയ ശമ്പളം നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. ഇവിടെ പറയുന്ന കാര്യം ഉറപ്പായും ഗവൺമെന്റ് ചെയ്യും. നിങ്ങൾ പറയു ന്നതുപോലെയല്ല. ഈ ഗവൺമെന്റ് ഉറപ്പ് പറഞ്ഞാൽ ഉറപ്പാണ്. ജീവന ക്കാരൻ മരണപ്പെട്ടാൽ ആ സമയം അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ഉള്ള

തുക അനുസരിച്ച് കുടുംബ പെൻഷന് അർഹതയുണ്ട്. അതുകൊണ്ട് ശ്രീമതി ജമീലാ പ്രകാശം, കുടുംബ പെൻഷൻ കിട്ടുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ പ്രൊപ്പോസ്ഡ് പി.എഫ്.ആർ.ഡി.എ. ബില്ലിൽ 20 (ജി) പ്രകാരം എത്ര രൂപ പെൻഷൻ കിട്ടുമെന്ന് ഉറപ്പ് കൊടുക്കാൻ നിർവ്വാഹമില്ല. ഓഹരി വിപണി യിലെ കയറ്റിറക്കങ്ങൾ മാറുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതേ ചോദ്യ മാണ് ശ്രീ. ഹൈബി ഈഡനും ചോദിച്ചത്. എത്ര രൂപ മിനിമം പെൻഷൻ കൊടുക്കുമെന്ന് ഉറപ്പുനൽകാൻ ഗവൺമെന്റിന് കഴിയുമോയെന്നുള്ള ചോദ്യത്തിന് അങ്ങ് വ്യക്തതയോടുകൂടി ഉത്തരം പറഞ്ഞില്ല. മിനിമം പെൻഷൻ ഉണ്ടാകുമോ, കുടുംബ പെൻഷൻ ഉണ്ടാകുമോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യക്തത പറയാൻ സാധിക്കുമോ?

ശ്രീ. കെ. എം. മാണി : സർ, കുടുംബ പെൻഷൻ ഉണ്ടാകുമെന്ന് ഞാൻ വ്യക്തമായി പറഞ്ഞുകഴിഞ്ഞു. ജീവനക്കാരൻ മരണപ്പെട്ടാൽ മര ണപ്പെടുന്ന സമയത്ത് അദ്ദേഹത്തിന്റെ അക്കൗണ്ടിലുള്ള തുക അനുസ രിച്ച് കുടുംബ പെൻഷൻ കിട്ടുന്നതാണ്. Unequivocally ഞാനിവിടെ വെളിപ്പെടുത്തുകയാണ്. രണ്ടാമത്, ഒരു ജീവനക്കാരൻ മരണപ്പെട്ടാൽ കുടുംബത്തിൽ ഒരാൾക്ക് ജോലി ലഭിക്കുന്നതുവരെ അവസാനം കിട്ടിയ ശമ്പളം നൽകുമെന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ................(ബഹളം).............

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ) : സർ, കോൺട്രിബ്യൂട്ടറി പെൻഷൻ ന്യായീകരിക്കാൻ വേണ്ടി സ്റ്റാറ്റ്യൂട്ടറി പെൻഷനെ അവഹേളിക്കാൻ വേണ്ടിയുള്ള തെറ്റായ വിശദീകരണമാണ് ഇവിടെ നടത്തുന്നത്. സ്റ്റാറ്റ്യൂട്ടറി പെൻഷന്റെ കൂടെയാണ് ഞങ്ങൾ നിൽക്കുന്നതെന്ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞതാണ്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായ ചിത്രങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പാനുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ ഈ നിലപാടിനെതിരായി ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുകയും ഇറങ്ങിപ്പോവുകയും ചെയ്യുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

മി. സ്പീക്കർ : ഇത് വളരെ ദൗർഭാഗ്യകരമാണ്. ശ്രീ. സി. ദിവാകരൻ ചർച്ച ആവശ്യപ്പെട്ട് എഴുതിത്തരികയും അത് ചെയർ അനുവദിക്കുകയും ചെയ്തു. എത്രയോ വർഷക്കാലമായി ഇത്തരം അവസരങ്ങൾ എം.എൽ.എ.മാർ പ്രയോജനപ്പെടുത്താതിരുന്നതാണ്. നിയമസഭാ നടപടിചട്ടങ്ങളിൽ എം.എൽ.എ.-മാർക്ക് പ്രത്യേകമായി പ്രയോഗിക്കാവുന്ന ധാരാളം അവസരങ്ങളുണ്ട്. ആ അവസരങ്ങൾ ഓരോന്നായി അംഗങ്ങൾക്ക് വേണ്ടി ഇവിടെ ചെയർ പ്രയോജനപ്പെടുത്തുകയാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ ആവശ്യപ്പെട്ടതനുസരിച്ച് റിപ്പോർട്ടിന്മേലുള്ള ചർച്ച നടത്തി. ഇപ്പോൾ ശ്രീ. സി. ദിവാകരൻ എഴുതിത്തരികയും അര മണിക്കൂർ

ചർച്ചയ്ക്ക് അനുവദിക്കുകയും ചെയ്തു. ഇതെല്ലാം ആരോഗ്യകരമായ നിയമസഭാ പ്രവർത്തനത്തിനും അംഗങ്ങൾക്ക് ഗുണപ്രദമായി മാറേണ്ട നടപടിക്രമങ്ങളുടെ ഭാഗമായി ചെയ്തതാണ്. ഇത്തരം സന്ദർഭങ്ങളിൽ തീർച്ചയായും നിയമസഭാംഗങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തണം. അങ്ങനെ പ്രയോജനപ്പെടുത്താതെ പോയത് ദൗർഭാഗ്യകരമാണ്, ഇക്കാര്യ ത്തിൽ ചെയറിന് വളരെയധികം നിരാശയുണ്ടെന്ന് അറിയിക്കുന്നു. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്ന തുമാണ്.

(2012 ഡിസംബർ 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.30-ന് പിരിഞ്ഞു.)

* * * * * * * * * *